**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3330** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണവും അളവും വിലയും എത്രയെന്ന് വെളിപ്പെടുത്താമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ശബരി ബ്രാന്റിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ശബരി ബ്രാന്റിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ആട്ട, പുളി, നോട്ട് ബുക്ക്, ഏലം, ജീരകം, കടുക്, പെരുംജീരകം, കുരുമുളക്, കാപ്പിപൊടി, കാശ്മീരി മുളക്പൊടി, ചിക്കൻ മസാല, മീറ്റ് മസാല, ഫിഷ് മസാല, രസംപൊടി എന്നിവയാണ്. |
| (സി) | ശബരി ബ്രാന്റിലെ ഉല്പന്നങ്ങൾക്ക് പകരം കിറ്റിൽ ലഭ്യമാക്കുന്ന മറ്റ് കമ്പനികളുടെ സാധനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങൾ ശബരി ബ്രാന്റിന് പകരം നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (സി) | സൗജന്യ ഓണക്കിറ്റിൽ ശബരി ഉത്പന്നങ്ങൾക്ക് പകരമായി മറ്റു കമ്പനികളുടെ ഉത്പന്നങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. സൗജന്യ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ശബരി ഉൽപ്പന്നങ്ങൾക്ക് പകരമായി മറ്റ് കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഇ-ടെൻഡർ മുഖേന വാങ്ങിയിട്ടില്ല |
| (ഡി) | സപ്ലൈകോയുടെ സ്വന്തം ഉല്പന്നമായ ശബരി വെളിച്ചെണ്ണയ്ക്ക് പകരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | സൗജന്യ ഓണകിറ്റിൽ ശബരി വെളിച്ചെണ്ണ ഉൾപ്പെടുത്തുവാനാണ് നിർദ്ദേശം നല്കിയിട്ടുളളത്. ശബരി വെളിച്ചെണ്ണയ്ക്ക് പകരം തവിടെണ്ണ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. |
| (ഇ) | ഇത്തരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ഇ) | സൗജന്യ ഓണകിറ്റിൽ ശബരി വെളിച്ചെണ്ണ ഉൾപ്പെടുത്തുവാനാണ് നിർദ്ദേശം നല്കിയിട്ടുളളത്. ശബരി വെളിച്ചെണ്ണയ്ക്ക് പകരം തവിടെണ്ണ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. |
| (എഫ്) | ഇത്തരം കമ്പനികളുടെ തവിടെണ്ണ ഉൾപ്പെടുത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എഫ്) | സൗജന്യ ഓണകിറ്റിൽ ശബരി വെളിച്ചെണ്ണ ഉൾപ്പെടുത്തുവാനാണ് നിർദ്ദേശം നല്കിയിട്ടുളളത്. ശബരി വെളിച്ചെണ്ണയ്ക്ക് പകരം തവിടെണ്ണ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ജി) | ഓണത്തിന് നൽകുന്ന കിറ്റിൽ ശബരി വെളിച്ചെണ്ണ തന്നെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | ഓണത്തിന് നൽകുന്ന കിറ്റിൽ ഉൾപ്പെടുത്തുന്നതിന് ശബരി വെളിച്ചെണ്ണയ്ക്ക് പർച്ചേസ് ഓർഡർ നല്കിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരഫെഡ്, കേരളാ നാളികേര വികസന കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾക്കും ഓർഡർ നൽകിയിട്ടുണ്ട്. സെ |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### <u>2021 ഓണക്കിറ്റ്</u>

| ക്രമ നമ്പർ | ഇനം | അളവ് | വില |
|---|---|---|---|
| 1 | പഞ്ചസാര | 1 കി.ഗ്രാം | 39.00 |
| 2 | വെളിച്ചെണ്ണ | 500 മി.ലി. | 102.00 |
| 3 | ചെറുപയർ | 500 ഗ്രാം | 40.00 |
| 4 | തുവരപ്പരിപ്പ് | 250 ഗ്രാം | 28.00 |
| 5 | തേയില | 100 ഗ്രാം | 23.00 |
| 6 | മുളക് /മുളക്പൊടി | 100 ഗ്രാം | 20.00 |
| 7 | മഞ്ഞൾ | 100 ഗ്രാം | 15.00 |
| 8 | സേമിയ (180 ഗ്രാം)/<br>പാലട (180 ഗ്രാം) /<br>ഉണക്കലരി (500 ഗ്രാം) | ഒരു പാക്കറ്റ് | 20.00 |
| 9 | കശുവണ്ടിപ്പരിപ്പ് (50 ഗ്രാം) | ഒരു പാക്കറ്റ് | 40.00 |
| 10 | ഏലയ്ക്ക (20 ഗ്രാം) | ഒരു പാക്കറ്റ് | 40.00 |
| 11 | നെയ്യ് | 50 മി.ലി. | 33.50 |
| 12 | ശർക്കരവരട്ടി/ഉപ്പേരി | 100 ഗ്രാം | 30.00 |
| 13 | ആട്ട | 1 കി.ഗ്രാം | 40.00 |
| 14 | ശബരി പൊടി ഉപ്പ് | 1 കി.ഗ്രാം | 9.00 |
| 15 | ശബരി ബാത്ത് സോപ്പ് | ഒരെണ്ണം | 21.00 |
| 16 | തുണി സഞ്ചി | ഒരെണ്ണം | 12.00 |
| **ആകെ** | | | **512.50** |
| **ലോഡിംഗ്/കടത്തുകൂലി തുടങ്ങിയതിനുള്ള ചെലവ് 10%** | | | 51.25 |
| **ARD കമ്മീഷൻ** | | | 5.00 |
| **ഒരു കിറ്റിന്റെ ആകെ വില** | | | **568.75** |